## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2560 — 10.12.2014-ൽ മറുപടിക്ക്

### കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും നൽകുന്ന വാക്സിനേഷനുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും എന്തെല്ലാം നിർബന്ധിത വാക്സിനേഷനുകളാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ; | (എ) കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും നിർബന്ധിത വാക്സിനേഷനുകൾ നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ല. ദേശീയ രോഗ പ്രതിരോധ വാക്സിൻ പട്ടികപ്രകാരം വാക്സിനുകൾ നൽകാൻ ഡോക്ടർമാർ നിർദ്ദേശിക്കുന്നുണ്ട്. |
| (ബി) എല്ലാ വാക്സിനേഷനുകളും മുൻകൂർ പഠനങ്ങൾക്കും ശാസ്ത്രീയ പരിശോധനകൾക്കും ശേഷമാണോ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ; വ്യക്തമാക്കാമോ ; | (ബി) ലോകാരോഗ്യ സംഘടനയും രാജ്യത്തെ ഏറ്റവും സമുന്നതരായ ഗവേഷകരുടെയും ഡോക്ടർമാരുടെയും രോഗപ്രതിരോധ പൊതുജനാരോഗ്യ രംഗത്തെ വിദഗ്ദ്ധരുടെയും ഉന്നത സമിതിയുടെയും തീരുമാനപ്രകാരമാണ് ആരോഗ്യവകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) സംസ്ഥാനത്ത് റൂബെല്ലയുടെ പ്രഭാവത്തെക്കുറിച്ച് എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ; | (സി) കേരളത്തിലെ മാവൂരിൽ ഡോ. ജയകൃഷ്ണൻ നടത്തിയ പഠനത്തിൽ 1/3 ഓളം കൗമാരക്കാരായ പെൺകുട്ടികളെയും സ്ത്രീകളെയും റൂബെല്ല ബാധിക്കാൻ സാധ്യതയുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. കൂടാതെ മറ്റൊരു പഠനത്തിൽ (പത്മജ എം, രാധാകൃഷ്ണൻ പി.എം. എന്നിവർ നടത്തിയ Sero Prevalence of Immunity to Rubella in pregnant women. National Medical Journal India 2010 July-August 23 (4) ; 248-9) പറയുന്നത് 34 ശതമാനം ഗർഭിണികളായ സ്ത്രീകൾക്ക് റൂബെല്ലയ്ക്കെതിരെയുള്ള സ്വാഭാവിക പ്രതിരോധ ശേഷിയില്ല എന്നാണ്. |
| (ഡി) പെൺകുട്ടികൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മോണോവാലന്റ് റൂബെല്ല വാക്സിൻ എത്ര കാലത്തേയ്ക്കാണ് തുടരാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; | (ഡി) പെൺകുട്ടികൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മോണോവാലന്റ് വാക്സിൻ 11 വർഷത്തേയ്ക്ക് തുടരാനാണ് ഉദ്ദേശിക്കുന്നത്. |

(.....2)

| | |
|---|---|
| (ഇ) ഇത്തരം വാക്സിനേഷനുകൾ ഒരാൾക്കു തന്നെ ആവർത്തിച്ച് നൽകുന്നത് എന്തെങ്കിലും ദോഷഫലങ്ങൾ ഉണ്ടാക്കുമോയെന്നതിന് വേണ്ടത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; | (ഇ) ആഗോളവ്യാപകമായ പഠനങ്ങളിലും മെഡിക്കൽ ഗ്രന്ഥങ്ങളിലും ഇത്തരം വാക്സിനുകൾ നിർദ്ദിഷ്ട ഷെഡ്യൂൾ പ്രകാരം ആവർത്തിച്ച് നൽകുന്നത് ദോഷഫലങ്ങൾ ഉണ്ടാക്കുകയില്ല എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. |
| (എഫ്) ഒരു വാക്സിൻ ഒന്നിൽ കൂടുതൽ തവണ ഒരേ ആൾക്കുതന്നെ നൽകുന്നത് ദോഷകരമാണെന്ന് തെളിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (എഫ്) ഒരേ വാക്സിൻ നിർദ്ദിഷ്ട അളവിൽ ഒരേ ആൾക്കുതന്നെ നൽകുന്നത് ദോഷകരമല്ല എന്ന് ആഗോളവ്യാപകമായി പഠനങ്ങളിലും മെഡിക്കൽ ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ